LIBRARY ARCHIVES Kerala Legislative Assembly

കൊടുവള്ളി മണ്ഡലത്തിലെ പദ്ധതികൾ

9(272) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ ബഡ്ജറ്റിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക വകകൊള്ളിച്ചിരുന്നത്; എത്ര തുക;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

കുറഞ്ഞ പലിശയ്ക്ക് കൂടുതൽ വായ്പ

10(273) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കെ.എസ്.എഫ്.ഇ., പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി വികസന കോർപ്പറേഷൻ, മുന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോൺ നൽകുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ?

1. കെ.എഫ്.സി.: കോവിഡ്-1-ന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ കുറഞ്ഞ പലിശ നിരക്കിൽ പുതിയ വായ്പാ പദ്ധതികൾ നടപ്പിലാക്കുവാൻ കെ.എഫ്.സി. ഉദ്ദേശിക്കുന്നുണ്ട്. കെ.എഫ്.സി. സംരംഭകർക്ക് കോവിഡ്-19 പ്രതിസന്ധിയിൽനിന്നും കരകയറുന്നതിനായി 20 ശതമാനം അധികവായ്പാ പദ്ധതിയും കോവിഡ് വ്യാപനം തടയുന്നതിനും, രോഗികൾക്ക് ആശ്വാസം നൽകുവാൻ സഹായിക്കുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ഉദാര വ്യവസ്ഥയിലും വായ്പ നൽകുന്ന പദ്ധതികളുമാണ് പരിഗണനയിലുള്ളത്.

2. കേരള സംസ്ഥാന മുന്നോക്ക സമുദായ കോർപ്പറേഷൻ: കേരള സംസ്ഥാന മുന്നോക്ക സമുദായ കോർപ്പറേഷൻ വായ്പാ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.